# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2672 — 10.12.2014- ൽ മറുപടി നൽകേണ്ടിയിരുന്നത്.

## സംസ്ഥാനത്ത് M.B.B.S/B.D.S നുമുള്ള ആകെ സീറ്റുകൾ

| ചോദ്യം<br>ശ്രീ. എം.എ.ബേബി | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് M.B.B.S/B.D.S നും സർക്കാർ ക്വാട്ടയിലും, സ്വകാര്യ-സ്വാശ്രയ കോളേജുകളിലെ ഗവൺമെന്റ് ക്വാട്ടയിലും എത്ര സീറ്റുകൾ വീതമുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് സർക്കാർ കോളേജുകളിൽ എം.ബി.ബി.എസ്സിന് 1250 സീറ്റുകളും, ബി.ഡി.എസ്സിന് 190 സീറ്റുകളുമുണ്ട്. സ്വകാര്യ-സ്വാശ്രയ കോളേജുകളിലെ സർക്കാർ ക്വാട്ടയിൽ എം.ബി.ബി.എസ്സിന് 1025 സീറ്റുകളും ബി.ഡി.എസ്സിനു 680 സീറ്റുകളും ഉണ്ട്. |
| (ബി) 2014 മെയ് 15 ന് ഫലം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിരുന്നു; | (ബി) 10933 പേർ ഓൺലൈൻ ഓപ്ഷന് അപേക്ഷ നൽകിയിരുന്നു. |

(മറുപുറം...)

(സി) 2013,2014 വർഷങ്ങളിൽ സംസ്ഥാനത്ത് M.B.B.S/B.D.S എന്നിവയിൽ മേൽപ്പറഞ്ഞ പ്രകാരം എത്ര സീറ്റുകൾ വീതമുണ്ടായിരുന്നു. അതിൽ എത്ര സർക്കാർ ക്വാട്ട സീറ്റുകൾ ലാപ്സായിട്ടുണ്ടെന്ന് പ്രത്യേകം വെളിപ്പെടുത്തുമോ;

(സി) 2013 വർഷത്തിൽ സർക്കാർ കോളേജുകളിൽ എം.ബി.ബി.എസ്സിന് 1000 സീറ്റുകളും ബി.ഡി.എസ്സിന് 140 സീറ്റുകളും ഉണ്ടായിരുന്നു. ഈ വർഷത്തിൽ സ്വകാര്യ-സ്വാശ്രയ കോളേജുകളിൽ ഗവൺമെന്റ് ക്വാട്ടയിൽ എം.ബി.ബി.എസ്സിന് 775 സീറ്റുകളും ബി.ഡി.എസ്സിന് 535 സീറ്റുകളും ഉണ്ടായിരുന്നു. 2014 വർഷത്തിൽ സർക്കാർ കോളേജുകളിൽ 1250 എം.ബി.ബി.എസ്സ് സീറ്റുകളും ബി.ഡി.എസ്സിന് 190 സീറ്റുകളും ഉണ്ടായിരുന്നു. ഈ വർഷത്തിൽ സ്വകാര്യ-സ്വാശ്രയ കോളേജുകളിലെ ഗവൺമെന്റ് ക്വാട്ടയിൽ 1025 എം.ബി.ബി.എസ്സ് സീറ്റുകളും 680 ബി.ഡി.എസ്സ് സീറ്റുകളും ഉണ്ട്. 2013 വർഷത്തിൽ സർക്കാർ കോളേജുകളിലെ എം.ബി.ബി.എസ്സ്/ബി.ഡി.എസ്സിന് സീറ്റുകൾ ഒന്നും ലാപ്സായിട്ടില്ല. സ്വാശ്രയ കോളേജുകളിൽ എം.ബി.ബി.എസ്സിന് 31 സീറ്റുകളും ബി.ഡി.എസ്സിന് 59 സീറ്റുകളും ലാപ്സായിട്ടുണ്ട്. 2014 വർഷത്തിൽ സർക്കാർ കോളേജിലെ ബി.ഡി.എസ്സിന് 10 സീറ്റുകളും സ്വകാര്യ-സ്വാശ്രയ കോളേജുകളിലെ സർക്കാർ ക്വാട്ടയിലുള്ള 6 എം.ബി.ബി.എസ്സ് സീറ്റുകളും 103 ബി.ഡി.എസ്സ് സീറ്റുകളും ലാപ്സായിട്ടുണ്ട്.

(മറുപുറം...)

(ഡി) എൻട്രൻസ് കമ്മീഷണർ ഓഫീസിലെ സങ്കീർണതകൾ മൂലം കമ്മീഷണർ തന്നെ ഷെഡ്യൂൾ ചെയ്ത പ്രകാരമുള്ള അഡ്മിഷൻ നടപടികൾ അലങ്കോലമായെങ്കിൽ ആയതിന്റെ ഉത്തരവാദിത്വം ആർക്കാണ്;

(ഡി) ബഹു. സുപ്രീംകോടതി നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂൾ പ്രകാരവും ഉത്തരവുകളുടെ അടിസ്ഥാനത്തിലും അഡ്മിഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) പ്ലസ്ടുവിനും, എൻട്രൻസിനും ഉയർന്ന മാർക്ക് വാങ്ങി റാങ്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ സീറ്റുകൾ ലാപ്സാകാൻ ഇടയായതും അവർ അന്യസംസ്ഥാനത്തെ ആശ്രയിക്കാൻ നിർബന്ധിതരായതും എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) എം.ബി.ബി.എസ്സ്/ബി.ഡി.എസ്സ് കോഴ്സുകളിൽ സീറ്റുകൾ നഷ്ടപ്പെട്ടത് വിദ്യാർത്ഥികൾ ഓപ്ഷനുകൾ നൽകിയതിനുശേഷം അലോട്ട്മെന്റ് ലഭിച്ചപ്പോൾ പ്രവേശനം നേടാത്തതുമൂലമോ അവസാനഘട്ട അലോട്ട്മെന്റിനു ശേഷം വിടുതൽ നേടിയതു കൊണ്ടോ ആണ്.

(എഫ്) പ്രോസ്പെക്ടസ് നിബന്ധനകൾക്ക് വിരുദ്ധമായി 24 മണിക്കൂറിനുള്ളിൽ അവസാന അലോട്ട്മെന്റിന് പണമടച്ച് അഡ്മിഷൻ നേടാൻ ആവശ്യപ്പെട്ട നടപടി നിയമവിരുദ്ധമാണോ;

(എഫ്) ബഹു. സുപ്രിംകോടതിയുടെ പരിഗണനയിലുണ്ടായിരുന്ന ഒരു കേസിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുപ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ അലോട്ട്മെന്റ് പൂർത്തിയാക്കേണ്ടി വന്നതിനാലുമാണ് അലോട്ട്മെന്റ് പ്രക്രിയക്ക് സാധാരണ നൽകേണ്ട സമയം അനുവദിക്കാൻ കഴിയാതെ പോയത്.

(മറുപുറം...)

(ജി) അലോട്ട്മെന്റ് നടപടികൾ നാലുമാസക്കാലം നീട്ടിക്കൊണ്ടു പോവുകയും റാങ്ക് ഹോൾഡർമാർ അന്യസംസ്ഥാനത്തും മറ്റും അഡ്മിഷൻ നേടുകയും ചെയ്തതിന് ശേഷം, 24 മണിക്കൂറിനുള്ളിൽ സർട്ടിഫിക്കറ്റും മറ്റു രേഖകളുമായി എത്തിച്ചേരുക എന്നത് നീതിപൂർണ്ണമാണോ; യോഗ്യത നേടിയിട്ടും വിദ്യാർത്ഥികളുടേതല്ലാത്ത കാരണങ്ങളാൽ നാലുമാസക്കാലം കാത്തിരുന്നിട്ടും അഡ്മിഷൻ നൽകാതിരുന്നതിന് ശേഷം 10 ലക്ഷം രൂപ പിഴയടക്കണമെന്ന (ലികിഡേറ്റഡ് ഡാമേജ്) അന്യായമായ നടപടി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

(ജി) ബഹു. സുപ്രീംകോടതി നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂൾ പ്രകാരവും ഉത്തരവുകളുടെ അടിസ്ഥാനത്തിലുമാണ് അഡ്മിഷൻ നടപടികൾ പൂർത്തീകരിച്ചത്. 2014-2015 എം.ബി.ബി.എസ്സ്/ബി.ഡി.എസ്സ് കോഴ്സുകളിലേക്കുള്ള അവസാനഘട്ട അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനകം പ്രവേശനം നേടാതെ വന്നതുവഴിയും അവസാനഘട്ട അലോട്ട്മെന്റിനുശേഷം കോളേജുകളിൽ നിന്നും വിടുതൽ നേടിയതു വഴിയും 6 എം.ബി.ബി.എസ്സ് സീറ്റുകളും 113 ബി.ഡി.എസ്സ് സീറ്റുകളും പാഴാക്കിയ വിദ്യാർത്ഥികൾക്കെതിരെ പ്രോസ്പെക്ടസിലെ 12.2.4-ലെ വ്യവസ്ഥകൾ അനുസരിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ